**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1531** **05/02/2019- ൽ മറുപടിയ്ക്ക്**

## കൃഷി ആവശ്യങ്ങൾക്ക് കീടനാശിനി പ്രയോഗം

| **ചോദ്യം**<br>**ശ്രീ.മാത്യു റ്റി.തോമസ്** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) കൃഷി ആവശ്യങ്ങൾക്ക് കീടനാശിനികൾ ഉപയോഗിക്കുന്നതിന് വകുപ്പുതലത്തിലുള്ള മേൽനോട്ട സംവിധാനങ്ങൾ വിശദീകരിക്കാമോ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/ കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതാത് പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചു വരുന്നു. പരിശോധനയ്ക്കെടുത്ത സാമ്പിളുകൾ നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡ പ്രകാരമല്ല എന്ന് കണ്ടെത്തിയാൽ ഉല്പാദകർക്കെതിരെയും, വിതരണക്കാർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കാൻ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം വ്യവസ്ഥയുണ്ട്. |
| (ബി) അമിത അളവിൽ കീടനാശിനി പ്രയോഗിച്ചതു മൂലം മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ പ്രസ്തുത സംഭവങ്ങളിൽ കൃഷി വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ? | (ബി) & (സി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ പെരിങ്ങരയിൽ നെല്ലിൽ കീടനാശിനി തളിച്ച് കർഷക തൊഴിലാളി മരിച്ച സംഭവത്തിൽ, അനധികൃത കീടനാശിനി വിൽപനയ്ക്കും ദുരുപയോഗത്തിനും എതിരെ കൃഷി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു. പ്രസ്തുത കീടനാശിനി ലഭ്യമാക്കിയ പത്തനംതിട്ട ജില്ലയിലെ കീടനാശിനി ഡിപ്പോ ഡിസ്ട്രിക്ട് ലൈസൻസിംഗ് ഓഫീസറായ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധിക്കുകയും നിയന്ത്രിത കീടനാശിനി കൃഷി ഓഫീസറുടെ കുറിപ്പടി ഇല്ലാതെ വിൽപന നടത്തി എന്നു തെളിഞ്ഞ സാഹചര്യത്തിൽ തിരുവല്ല മുനിസിപ്പൽ ഏരിയയിൽ പ്രവർത്തിക്കുന്ന ജെ.ജെ.ഏജൻസി എന്ന ഡിപ്പോ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ അടച്ചു പൂട്ടുകയും ചെയ്തു. പ്രസ്തുത ഡിപ്പോയിൽ നിന്നും പിടിച്ചെടുത്ത നിയന്ത്രിത കീടനാശിനിയായ 'വിരാടിന്റെ' സാമ്പിൾ പരിശോധനയ്ക്ക് തിരുവനന്തപുരം സംസ്ഥാന പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബിൽ അയച്ചുകൊടുക്കുകയും, പ്രസ്തുത സാമ്പിൾ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്തുകയും |

ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഒട്ടാകെ അനധികൃതമായി കീടനാശിനി വിൽപന നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് 24 മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം 19 ഡിപ്പോകളിൽ വിരാട് സ്റ്റോക്ക് ഉള്ളതിന്റെ വിൽപ്പന നിർത്തിവെച്ചിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും കീടനാശിനി കൃത്യ അളവിൽ കർഷകർ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ കൃഷി വകുപ്പ് മന്ത്രിയുടെ പ്രത്യേക നിർദ്ദേശ പ്രകാരം ജനുവരി 3 ന് കൃഷി വകുപ്പ് പുറത്തിറക്കിയിരുന്നു. ഒപ്പം "കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ. സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തൂ" എന്ന സന്ദേശം കർഷകരിലും പൊതു ജനങ്ങളിലും എത്തിക്കുന്ന ബോധവത്കരണ ക്യാമ്പയിൻ ജനുവരി 21 മുതൽ 31 വരെ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡിപ്പോകളിലും കീടനാശിനി ഉപയോഗരീതിയും പ്രയോഗക്രമവും വ്യക്തമാക്കുന്ന ബോർഡുകൾ ജനുവരി 31 ന് മുമ്പ് പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കർഷകർക്കും പൊതുജനങ്ങൾക്കും കീടനാശിനി ഡീലർമാർക്കും കീടനാശിനി ഉപയോഗം സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അടങ്ങിയ ലഘുലേഖകളും കൃഷി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവുകൾ നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുന്നതിനും പെരിങ്ങര കൃഷിഭവനിൽ നടപ്പുവർഷം ഒരു വിള ആരോഗ്യ ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

Sreelatha [signature]

**സെക്ഷൻ ഓഫീസർ**